ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : പാഠപുസ്തകങ്ങളുടെ കാലാവധിയെപ്പറ്റി വല്ല ക്ലിപ്പുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാരിൽനിന്നും അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തുന്ന പാഠപുസ്തകങ്ങൾക്കു് കാലാവധി നിശ്ചയിച്ചിട്ടില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : അല്ലാത്തവയ്ക്കു് കാലാവധിയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : തെരഞ്ഞെടുക്കപ്പെടുന്ന പുസ്തകങ്ങളായതുകൊണ്ടു് മറ്റുള്ള പുസ്തകങ്ങളുടെ കാലാവധിയും ഒന്നോ രണ്ടോ കൊല്ലത്തേക്കുകൂടി നീട്ടിക്കൊടുക്കുന്നതിനെപ്പറ്റി ഗവൺമെണ്ടിന്റെ അഭിപ്രായം എന്താണു് ?

മിസ്റ്റർ സ്പീക്കർ : ഗവൺമെണ്ടിന്റെ അഭിപ്രായം എന്താണെന്ന ചോദ്യത്തിനു് ഉത്തരം പറയേണ്ടതില്ല.

കൊച്ചിയിലെ എയിഡഡ് ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകർ

*വൃഷൻ. (൪൩) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചിവിഭാഗത്തിലെ എയിഡഡ് ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം എന്താണു്?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : കൊച്ചിവിഭാഗത്തിലെ എയിഡഡ് ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ക്ലിപ്തപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്കൂളുകൾക്കു് ഗ്രാന്റു നൽകിയിരിക്കുന്നതു് ഓരോ അദ്ധ്യാപകനും പത്തും പതിനഞ്ചും രൂപവീതം ഗ്രാന്റു കിട്ടത്തക്കവണ്ണമുള്ള നിരക്കനുസരിച്ചാണു്. എല്ലാ എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർക്കും ഏ ഠ രൂപവീതമുള്ള ക്ഷാമപ്പടി കൊടുക്കുന്നുണ്ടു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : ഈ യുകകം തീരെ അപര്യാപ്തമാണെന്നു ഗവൺമെണ്ടു് മനസ്സിലാക്കുന്നുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനെ സംബന്ധിച്ചു് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. ആലോചനയിൽ ഇരിക്കയാണു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : കഴിയുന്നതുംവേഗത്തിൽ തീരുമാനിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനെപ്പറ്റി ആലോചിക്കാം.

ഗവൺമെണ്ടിന്റെ വിദ്യാഭ്യാസനയം

‡*വൃഷ ൦. (൪൩) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

വരുന്നിയ വിദ്യാലയങ്ങൾ പ്രോത്സാഹിപ്പിക്കുകയില്ലെന്നുള്ള നയം ഗവൺമെണ്ടു് സ്വീകരിച്ചതനുസരിച്ചു് പ്രാഥമികവിദ്യാഭ്യാസ ആക്ടു് ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടും അതുസംബന്ധമായ നടപടികൾക്കു് താമസം വരുത്തുന്നതെന്താണു്?

‡ Answer to question 46 and the proceeding two questions were laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇക്കാര്യം ആലോചനയിൽ ഇരിക്കയാണു്.

നേഴ്സിംഗ് ട്രെയിനിംഗ് സ്കൂൾ

† *൨൯൯. (൪൭) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

എൻ ൪൯–ൽ നേഴ്സിംഗ് ട്രെയിനിംഗ് സ്കൂളിൽ എത്രപേർക്കു് ട്രെയിനിംഗ് കൊടുത്തിട്ടുണ്ടു്; എത്ര അപേക്ഷകൻമാരുണ്ടായിരുന്നു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): എൻ ൪൯–ൽ നേഴ്സിംഗ് ട്രെയിനിംഗ് സ്കൂളിൽ ൪൪ പേർക്കു് ട്രെയിനിംഗ് കൊടുത്തിട്ടുണ്ടു്. ൭൯ അപേക്ഷകരുണ്ടായിരുന്നു.

ഭൂനികുതി സമീകരണം

† ൨൯൰. (൪൮) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

ഭൂനികുതി സമീകരണ കാര്യത്തിൽ ഗവണ്മെണ്ടു് എന്തു നടപടി എടുത്തു; എത്ര നാൾക്കകം അതു പ്രയോഗത്തിൽ വരും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): ലാൻഡ് കമ്മിറ്റിയോടു് അഭിപ്രായം ചോദിച്ചിട്ടുള്ള സംഗതികളിൽ ഇതും ഉൾപ്പെട്ടവയുണ്ടു്. കമ്മിറ്റിയുടെ റിപ്പോർട്ടു് കിട്ടിക്കഴിഞ്ഞാൽ ഈ സംഗതിയിൽ വേണ്ട തീർച്ചചെയ്യുന്നതാണു്.

മാർക്കറ്റു്

*൨൯൱. (൪൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പത്തനംതിട്ട താലൂക്കിൽ റാന്നിപകുതിയിൽ അങ്ങാടിമുറിയിൽ അനുവദിച്ചിട്ടുള്ള പബ്ലിക്കു് മാർക്കറ്റിന്റെ ഉൽഘാടനം നടക്കാൻ താമസം നേരിട്ടതിൽ ഉള്ള പ്രയാസങ്ങൾ മൻനിത്തിയുള്ള പരാതി ഹർജികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഹർജികളിൽ എന്തു നടപടികൾ എടുത്തു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

---

† Vide foot-note to question 46.

LIBRARY ARCHIVES Kerala Legislative Assembly